പാഠം 8

# എന്റെ ജനത്തെ ആശ്വസിപ്പിക്കുവിൻ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 40:1,2; 40:3–8; 40:9–11; 40:12–31.**

**മനഃപാഠവാക്യം: "നീ ഉയർന്ന പർവതത്തിലേക്ക് കയറിച്ചെല്ലുക; സുവാർത്താ ദൂതിയായ യെരൂശലേമേ. നിന്റെ ശബ്ദം ശക്തിയോടെ ഉയർത്തുക; ഭയപ്പെടാതെ ഉയർത്തുക; യെഹൂദാ നഗരങ്ങളോട് ഇതാ നിങ്ങളുടെ ദൈവം എന്നു പറക" (യെശ. 40:9).**

1945–ൽ രണ്ടാം ലോകമഹായുദ്ധം അവസാനിക്കുമ്പോൾ ഷോയ്ച്ചി യോക്കോയ് എന്നു പേരുള്ള ഒരു ജപ്പാൻ സൈനീകൻ ഗുപാം ദ്വീപിലെ ഒരു വനത്തിൽ ഒളിച്ചിരിക്കുകയായിരുന്നു. അമേരിക്കൻ വിമാനങ്ങളിൽ നിന്നും താഴേക്ക് ഇടപ്പെട്ട ലഘുലേഖകളിൽ സമാധാനം പ്രഖ്യാപിച്ചിരുന്നു. എന്നാൽ യോക്കോയ് അതൊരു തന്ത്രമാണെന്ന് കരുതി. ഒരു കൂറുള്ളവനും ദേശഭക്തനുമായ ചക്രവർത്തിയുടെ പടയാളി, ഒരിക്കലും കീഴടങ്ങില്ലെന്ന് പ്രതിജ്ഞ ചെയ്തിരുന്നു. അവന് സംസ്കാരവുമായി യാതൊരു ബന്ധവും ഇല്ലാതിരുന്നതുകൊണ്ട്, കാട്ടിൽ കണ്ടെത്താവുന്നതൊക്കെ കഴിച്ച് അവൻ ജീവിച്ചു, നിശ്ചയമായും അല്പവും കഠിനവുമായ ഒരു ജീവിതം.

"1972 ൽ, രണ്ടാം ലോകമഹായുദ്ധത്തിന് 27 വർഷങ്ങൾക്കുശേഷം, യോക്കോയ് മീൻപിടിച്ചുകൊണ്ടിരുന്നപ്പോൾ വേട്ടക്കാർ അവനെ കണ്ടെത്തി, അപ്പോൾ മാത്രമാണ് സമാധാന സന്ദേശം സത്യമായിരുന്നുവെന്നത് അവൻ മനസ്സിലാക്കിയത്. അവനൊഴികെ ബാക്കിയുള്ള അവന്റെ ജനം വർഷങ്ങളോളം സമാധാനം ആസ്വദിച്ചപ്പോൾ, യോക്കോയ് വർഷങ്ങളോളം പിരിമുറുക്കവും, ദുരിതവും അനുഭവിച്ചു" – Roy Gane Altar Call (Berrien Springs, Michigan: Diadem 1999) P. 304, പൊരുത്തപ്പെടുത്തിയത്.

അനേക നൂറ്റാണ്ടുകൾക്കു മുമ്പ്, യെശയ്യാ പ്രവാചകനിലൂടെ, അവന്റെ ജനങ്ങളുടെ കഷ്ടപ്പാടും പിരിമുറുക്കവും തീരാനുള്ള സമയമായെന്ന് ദൈവം പ്രഖ്യാപിച്ചു: "എന്റെ ജനത്തെ ആശ്വസിപ്പിപ്പിൻ, ആശ്വസിപ്പിപ്പിൻ എന്നു നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു; യെരൂശലേമിനോട് ആദരവോടെ സംസാരിച്ചു; അവളുടെ യുദ്ധ സേവ കഴിഞ്ഞും അവളുടെ അകൃത്യം മോചിക്കപ്പെട്ടും അവൾ തന്റെ സകല പാപങ്ങൾക്കും പകരം യഹോവയുടെ കൈയിൽനിന്ന് ഇരട്ടിയായി പ്രാപിച്ചിരിക്കുന്നു എന്ന് അവളോടു വിളിച്ചു പറവിൻ" (യെശ. 40:1,2). ഇതിന്റെ അർത്ഥം എന്താണെന്നു നമുക്ക് ഒന്നു നോക്കാം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 20 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഭാവിക്കായുള്ള ആശ്വാസം (യെശ. 40:1,2)

യെശ. 40:1,2 ൽ ദൈവം അവന്റെ ജനത്തെ ആശ്വസിപ്പിക്കുന്നു. അവരുടെ ശിക്ഷയുടെ കാലാവധി ഒടുവിൽ അവസാനിച്ചു. അത് എന്ത് ശിക്ഷയാണ്? ഈ ചോദ്യത്തിന് അനേകം ഉത്തരങ്ങളുണ്ട്. അശ്ശൂരിനാൽ നടപ്പിലാക്കപ്പെട്ട ശിക്ഷയാണ്, ദൈവത്തിന്റെ കോപത്തിന്റെ കോല് (യെശ. 10), അതിൽ നിന്നും 701 ബി.സി. യിൽ സൻഹേരീബിന്റെ സൈന്യത്തെ നശിപ്പിച്ച് ദൈവം യെഹൂദയെ വിടുവിച്ചു (യെശ. 37). മെരോദാക്ക്-ബലദാനിൽ നിന്നുള്ള ദൂതന്മാർക്ക് (യെശ. 39) അവന്റെ സമ്പത്ത് ഹിസ്കീയാവ് പ്രദർശിപ്പിച്ചതുകൊണ്ട് യെഹൂദയിൽ നിന്നുള്ള ജനങ്ങളെയും സാധനങ്ങളെയും എടുത്തുകൊണ്ടുപോയി ബാബിലോൺ നടപ്പിലാക്കിയ ശിക്ഷ (യെശയ്യാവ് 14-23).

ഇതിനിടയിൽ, യെശയ്യാവ് 7:17 മുതൽ യെശയ്യാവ് 38:6 വരെ 43 പ്രാവശ്യം “അശ്ശൂർ” “അശ്ശൂര്യന്മാർ” എന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും, യെശയ്യായുടെ ശേഷ ഭാഗത്ത് ഈ രാജ്യം ഒരിക്കൽ മാത്രമെ പ്രത്യക്ഷപ്പെടുന്നുള്ളൂ, അവിടെ യെശയ്യാവ് 52:4 മിസ്രയേമിന്റെയും പിന്നീട് അശ്ശൂരിന്റെയും മുൻ അടിച്ചമർത്തലിനെക്കുറിച്ച് പറയുന്നു. യെശയ്യായുടെ പിന്നീടുള്ള ഭാഗത്ത്, ബാബിലോണിൽ നാടുകടത്തലിൽ നിന്നുള്ള വിടുതലിനെക്കുറിച്ച് പറയുന്നു (യെശ. 43:14; 47:1; 48:14,20), 539 ബി.സി.യിൽ പാർസ്യനായ കോരേശാണ് ബാബിലോണിനെ കീഴടക്കിയത്, അവനാണ് നാടുകടത്തപ്പെട്ട യെഹൂദ്യക്കാരെ സ്വതന്ത്രമാക്കിയത് (യെശ. 44:28; 45:1,13).

701 ബി.സി.യിൽ അശ്ശൂരിൽ നിന്നുള്ള വിടുതലിലേക്ക് നയിക്കുന്ന സംഭവങ്ങളെ യെശയ്യാവ് 1-39 ഊന്നിപ്പറയുന്നു, എന്നാൽ 40-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ, ആ പുസ്തകം 539 ബി.സി.യിൽ ബാബിലോണിന്റെ അന്ത്യത്തിൽ നിന്ന് 150 വർഷങ്ങൾ മുമ്പോട്ട് കുതിക്കുന്നു, അതിനുശേഷം അധികം വൈകാതെയുള്ള യെഹൂദന്മാരുടെ തിരിച്ചുവരവും.

ബാബിലോണിൽ നിന്നുള്ള തിരിച്ചുവരവ് യെശയ്യാവിൽ മുമ്പുള്ള എന്തെങ്കിലുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ?

ഒരു ബാബിലോൺ അടിമത്തം മുൻകൂട്ടി പറഞ്ഞുകൊണ്ട് യെശയ്യാവ് 39 തുടർന്നുള്ള അദ്ധ്യായങ്ങൾക്ക് ഒരു പരിവർത്തനമായി പ്രവർത്തിക്കുന്നു (യെശ. 39:6,7). ഇതിനുപുറമേ, യെശയ്യാവ് 13,14,21 എന്നീ അദ്ധ്യായങ്ങളിലുള്ള ദൈവശാസന ബാബിലോണിന്റെ പതനവും ദൈവജനത്തിന് ഇത് കൊണ്ടുവരുന്ന സ്വാതന്ത്ര്യവും പ്രവചിക്കുന്നു: “യഹോവ യാക്കോബിനോട് മനസ്സലിഞ്ഞ് യിസ്രായേലിനെ വീണ്ടും.... നീ ബാബേൽ എങ്ങനെ മുടിഞ്ഞുപോയി” (യെശ. 14:1-4). അവരുടെ കഷ്ടപ്പാടിന് ഒരു അവസാനം ഉണ്ടാകും എന്നു ദൈവം വാഗ്ദത്തം ചെയ്യുന്ന യെശയ്യാവ് 40:1,2 മായുള്ള അടുത്ത ബന്ധം ശ്രദ്ധിക്കുക.

**നിങ്ങളുടെ നിലവിലുള്ള കഷ്ടപ്പാടിനു മദ്ധ്യത്തിൽ, കഷ്ടപ്പാടിന്റെ അവസാനത്തെക്കുറിച്ചുള്ള വേദപുസ്തക വാഗ്ദത്തങ്ങൾ എന്ത് അർത്ഥമാകുന്നു? ഈ വാഗ്ദത്തങ്ങളില്ലാതെ നമ്മുടെ വിശ്വാസം കൊണ്ട് എന്തു നന്മ? അങ്ങനെയെങ്കിൽ പിന്നെ, എന്തു തന്നെ സംഭവിച്ചാലും അതിൽ മുറുകെപ്പിടിക്കുന്നത് എന്തുകൊണ്ടു വളരെ പ്രധാനമാണ്?**

## സാന്നിദ്ധ്യം, വചനം, വഴിയൊരുക്കം (യെശ. 40:1–8).

**ദൈവജനത്തിന് എങ്ങനെയാണ് ആശ്വാസം ലഭിക്കുന്നത്? (യെശ. 40:1–8)**

ദൈവം അവന്റെ മഹിമ വെളിപ്പെടുത്താനായി വരുന്നുവെന്ന് പേരു പറയപ്പെടാത്ത ഒരു കാഹളം വിളിച്ചുപറയുന്നു (യെശ. 40:3–5). വേറൊരു ശബ്ദം പ്രഖ്യാപിക്കുന്നത് മനുഷ്യർ പുല്ലുകളെപ്പോലെ ക്ഷണികമാണെങ്കിലും, നമ്മുടെ ദൈവത്തിന്റെ വചനം എന്നേക്കും നിലനില്ക്കും എന്നാണ് (യെശ. 40:8).

`നാടുകടത്തലിനുശേഷം, പിന്നീട് അവരുടെ വിശ്വാസത്യാഗകാലത്ത് ഒക്കെയും തള്ളിക്കളഞ്ഞതിനെയും അവർക്ക് സീനായ് മലയിൽ ലഭിച്ചതിനെയും ദൈവത്തിന്റെ ജനത്തിന് തിരികെ ലഭിക്കുന്നു; അതിന് അവർ ശിക്ഷിക്കപ്പെട്ടു: ദൈവത്തിന്റെ സാന്നിധ്യവും അവന്റെ വചനവും. ഇവയാണ് യിസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അടിസ്ഥാന ചേരുവകൾ, അത് അവരുടെ ഇടയിലുള്ള അവന്റെ സമാഗമന കൂടാരത്തിൽ പ്രതിഷ്ഠിച്ചിരുന്നു (പുറപ്പാട് 25:8,16). അവർ അവന്റെ വചനം ലംഘിച്ചതുകൊണ്ട്, ദൈവം അവന്റെ ആലയം ഉപേക്ഷിച്ചുപോയി (യെഹെ. 9–11), എന്നാൽ അവൻ തിരികെ വരികയാണ്. അവന്റെ സാന്നിധ്യവും നിത്യതയോളം ആശ്രയിക്കാവുന്ന അവന്റെ വചനവും ആശ്വാസം, വിടുതൽ, പ്രത്യാശ എന്നിവ കൊണ്ടുവരുന്നു.

**കർത്താവിന്റെ വരവിനായി എന്ത് തയ്യാറെടുപ്പുകളാണ് ആവശ്യമായിട്ടുള്ളത്? (യെശ. 40:3–5).**

അവൻ അവർക്ക് ഒരു സങ്കേതമായിരുന്നു (യെഹെ. 11:16), ആ ഭൂപ്രദേശത്തിന് വലിയ പുനഃക്രമീകരണം ആവശ്യമായിരുന്നു. യെരൂശലേമിനു കിഴക്കുള്ള ദുർഘടമായ കുന്നുകളിലൂടെ അക്ഷരാർത്ഥത്തിൽ ഒരു നിരപ്പായ രാജവീഥി ഒരുക്കുക എന്നത് ശ്രമകരമായ ഒരു പണിയാണ്, ബുൾഡോസറുകളും ഡൈനാമൈറ്റുകളും ഉണ്ടെങ്കിൽ കൂടി. ദൈവത്തിന് മാത്രമെ ആ പണി ചെയ്യാനാകൂ. അവനാണ് "ദുർഘടങ്ങളെ സമഭൂമിയാക്കുന്നത്" (യെശ. 42:16). എന്നാൽ അവന് ഗതാഗതത്തിനായി ഒരു പാത ആവശ്യമില്ല കാരണം അവന് വായുവിൽ സഞ്ചരിക്കുന്ന കെരൂബുകളുടെ രഥമുണ്ട് (യെഹെ. 1, 9–11).

അതിനാൽ, പാതനിർമ്മാണം എന്നത് മാനസാന്തരമായിരുന്നു, പാപത്തിൽനിന്നു വിട്ടുതിരിയുവാനുള്ള സന്നദ്ധത.

ദൈവത്തിനുവേണ്ടിയുള്ള പാതനിർമ്മാണത്തിന്റെ ആത്മീയ പ്രകൃതം മനസ്സിലാക്കുവാൻ യിരെമ്യാവ് 31:31–34 ഇതേ ആത്മീയ സന്ദേശം അനേകം തവണ യെഹൂദയിലെ നാടുകടത്തപ്പെട്ടവർക്കായി പ്രഖ്യാപിച്ചു. ഈ പാഠഭാഗത്ത്, ഒരു പുതിയ തുടക്കത്തിന് തയ്യാറാക്കുന്നവർക്ക് ദൈവം ഒരു "പുതിയ ഉടമ്പടി" വാഗ്ദാനം ചെയ്യുന്നു ഇതിൽ അവൻ അവന്റെ ന്യായപ്രമാണം അവരുടെ ഹൃദയങ്ങളിൽ ആക്കുകയും അവരുടെ ദൈവമായിരിക്കാമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. അവർക്ക് അവനെയും അവന്റെ സ്വഭാവത്തെയും അറിയാം, കാരണം അവൻ അവരോട് ക്ഷമിച്ചിരിക്കുന്നു.

**യെശ. 40:6–8 ശ്രദ്ധാപൂർവ്വം വായിക്കുക. പുല്ലുപോലെ വാടിപ്പോകുന്ന നിങ്ങൾക്ക് ഈ വാക്യങ്ങളിൽനിന്ന് എന്തു പ്രത്യാശയാണ് അനുമാനിക്കാനാകുക? നമ്മുടെ ആശ്രയം വെക്കുന്നതിനെതിരെ അത് നമ്മെ എന്ത് താക്കീത് ചെയ്യണം?**

## സുവിശേഷത്തിന്റെ ജനനം (യെശ. 40:9–11)

**എപ്രകാരമുള്ള സംഭവമാണ് യെശയ്യാവ് 40:9–11 ൽ വർണ്ണിച്ചിരിക്കുന്നത്?**

പിന്നീട് യെശയ്യാവിൽ പ്രത്യക്ഷപ്പെടുന്നത് യെരൂശലേമിനായുള്ള സുവാർത്തയുടെ ഒരു പുരുഷ ശബ്ദമാണ് (യെശ. 41:27; 52:7). എന്നാൽ യെശയ്യാവ് 40:9 ൽ ഒരു മലയിൽ നിന്ന് "ഇതാ നിന്റെ ദൈവം" എന്ന് പ്രഖ്യാപിക്കുന്നത് ഒരു സ്ത്രീ ശബ്ദമാണ്.

68–ാം സങ്കീർത്തനത്തിൽ ദാവീദ് ദൈവത്തെ സ്തുതിക്കുന്നതിന് കാരണം, അവൻ "ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു; അവൻ ബദ്ധന്മാരെ വിടുവിച്ചു സൗഭാഗ്യത്തിലാക്കുന്നു" (സങ്കീ. 68:6). ഇവിടെ ഈ വാക്കുകൾ മിസ്രയേമിന്റെ അടിമത്തത്തിൽനിന്നുള്ള പുറപ്പാടിനെയാണ് സൂചിപ്പിക്കുന്നതെങ്കിലും, യെശയ്യാവ് ഇതേ ആശയം രണ്ടാമത്തെ ഒരു "പുറപ്പാടിന്റെ" പ്രഖ്യാപനമായി പരാമർശിക്കുന്നു; ബാബിലോൺ അടിമത്തത്തിൽ നിന്നുള്ള തിരിച്ചുവരവ്.

ഇതിനിടയിൽ, യെശ. 40:3–5 നെ പുതിയനിയമം കർത്താവിനു വഴിയൊരുക്കിയ യോഹന്നാൻ സ്നാപകനായി പ്രയോഗിക്കുന്നു, അവന്റെ ജനത്തിനിടയിൽ ജഡമായി തീർന്ന നിത്യവചനമെന്ന ദൈവസാന്നിധ്യം (യോഹ. 1:14).

യോഹന്നാന് മുമ്പും, മറ്റുള്ളവർ അവന്റെ വരവിന്റെ സദ്വാർത്തയെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഇവരിൽ ആദ്യത്തേത് വയോധികരായ ശിമയോനും ഹന്നയുമാണ്, പൈതലായ യേശുവിനെ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചപ്പോൾ കണ്ടുമുട്ടിയവർ (ലൂക്കൊസ് 2:25–38). യെശയ്യാവിന്റെ ദൂതുഘോഷകരെപോലെ, അവർ സ്ത്രീയും പുരുഷനുമായിരുന്നു. മിശിഹായുടെ രൂപത്തിലുള്ള യിസ്രായേലിന്റെ ആശ്വാസത്തിനായി ശിമയോൻ നോക്കിപ്പാർക്കുകയായിരുന്നു (ലൂക്കൊസ് 2:25,26).

യെശയ്യായുടെ പ്രവചനത്തിന്റെ വെളിച്ചത്തിൽ, ദൈവം വന്നിരിക്കുന്നു എന്ന് യെരൂശലേമിലെ ജനത്തോട് പരസ്യമായി പ്രഖ്യാപിച്ചത് ഹന്ന എന്ന പ്രവാചകിയായിരുന്നു എന്നത് യാദൃശ്ചികമല്ല. "ആ നാഴികയിൽ അവളും അടുത്തുനിന്നു ദൈവത്തെ സ്തുതിച്ചു; യെരൂശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു" (ലൂക്കൊസ് 2:38). ഇതാണ് നമുക്ക് അറിയാവുന്നതുപോലെ ക്രിസ്തീയ സുവിശേഷീകരണത്തിന്റെ ജനനം; സുവിശേഷഘോഷണം, സുവാർത്ത, യേശു ക്രിസ്തു രക്ഷ നൽകാനായി വന്നിരിക്കുന്നു എന്ന വാർത്ത. പിന്നീട്, അവന്റെ വിജയകരമായ ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യവാർത്ത ക്രിസ്തു മറ്റൊരു സ്ത്രീയെ ഭരമേല്പിച്ചു, മഗ്ദലക്കാരി മറിയ (യോഹ. 20:17,18). ഇത് ഉറപ്പാക്കിയത് ഭൂമിക്കുവേണ്ടിയുള്ള അവന്റെ സുവിശേഷ ദൗത്യം നേടിയെടുക്കപ്പെട്ടു എന്നതാണ്. ജഡം പുല്ലുപോലെയാണ്, എന്നാൽ ജഡമായിത്തീർന്ന ദിവ്യവചനം നിത്യമാണ് (യെശ. 40:6–8).

**യെശയ്യാവ് 40:11 നോക്കുക. എന്ത് തരത്തിലുള്ള പ്രതിബിംബമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്? വ്യക്തിപരമായി നിങ്ങൾ എങ്ങനെയാണ് ദൈവത്തിന്റെ പരിപാലനം അനുഭവിച്ചിട്ടുള്ളത് എന്നു നിങ്ങൾ തന്നെ ഒരു ഖണ്ഡിക എഴുതുക. ദൈവം നിങ്ങളെ നടത്തിയ വിധങ്ങളെ നിങ്ങളുടെ മനസ്സിൽ എണ്ണിയെണ്ണി പറയുന്നത് എന്തുകൊണ്ടു നല്ലതായിരിക്കുന്നു?**

## കാരുണ്യവാനായ സ്രഷ്ടാവ് (യെശ. 40:12–31).

**എങ്ങനെയാണ് യെശയ്യാവ് 40 ദൈവത്തിന്റെ ശക്തിയുടെയും കരുണയുടെയും കേന്ദ്ര ആശയങ്ങളെ വികസിപ്പിക്കുന്നത്?**

ഈ അദ്ധ്യായത്തിൽ ഉടനീളം, ദൈവത്തിന്റെ ശക്തിയും കരുണയും ഇടകലർത്തി നെയ്തിരിക്കുകയാണ്(ചുവടെ കാണുക), കൂട്ടിയോജിപ്പിക്കുകയും ചെയ്തിരിക്കുന്നു. കാരണം ദൈവത്തിന് അവന്റെ ജനങ്ങളെ രക്ഷിക്കുവാൻ ഇവ രണ്ടും ആവശ്യമാണ്. അവൻ അവരെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു, കാരണം അവൻ കരുണാമയനാണ്: അവന് അവരെ രക്ഷിക്കാനാകും, കാരണം അവൻ ശക്തനാണ്.

കരുണ (യെശ. 40:1–5) ആശ്വാസം, വിടുവിക്കാനായുള്ള കർത്താവിന്റെ വരവ്

ശക്തി (യെശ. 40:3–8) മഹത്വം, മാനുഷിക ബലഹീനതയ്ക്കെതിരെ ശാശ്വതം

കരുണ (യെശ. 40:9–11) വിടുതലിന്റെ സുവാർത്ത, അവന്റെ ജനത്തിന്റെ ഇടയൻ

ശക്തി (യെശ. 40:12–26) അതുല്യനായ സ്രഷ്ടാവ്

കരുണ (യെശ. 27–31) സ്രഷ്ടാവായി, ബലഹീനർക്ക് ബലമേകുന്നു.

അവന്റെ സ്ഥിരതയുടെയും മഹത്വത്തിന്റെയും വെളിച്ചത്തിൽ ദൈവത്തിന്റെ ശക്തി പരിചയപ്പെടുത്തിയശേഷം (യെശ. 40:3–8), യെശയ്യാവ് അവന്റെ അപാരമായ ജ്ഞാനത്തെയും ശക്തിയെയും വിപുലീകരിക്കുന്നു, ഇത് ഭൂമിയെയും അതിലെ നിവാസികളെയും വളരെ ചെറുതായി തോന്നിപ്പിക്കുന്നു (യെശ. 40:12–17). ഇവിടെ ഭൂമിയെയും അതിന്റെ ഭാഗങ്ങളെയും സൂചിപ്പിക്കുന്ന ആലങ്കാരിക ചോദ്യങ്ങളാലും വ്യക്തമായ സാദൃശ്യങ്ങളാലും യെശയ്യാവിന്റെ ശൈലിയെ വ്യക്തമാക്കുന്നു, ഇത് ഇയ്യോബിന് നൽകിയ ദൈവത്തിന്റെ ഉത്തരംപോലെ ഇരിക്കുന്നു (ഇയ്യോബ് 38–41).

“ദൈവത്തെ ആരോട് ഉപമിക്കും?” എന്ന യെശയ്യാവിന്റെ ആലങ്കാരിക ചോദ്യത്തിനുള്ള ഉത്തരം എന്താണ്? (യെശ. 40:18).

ഇയ്യോബിന് എന്നപോലെ യെശയ്യാവിനും ഉത്തരം വളരെ വ്യക്തമാണ്: ആരെയും തന്നെ, ദൈവത്തോട് സാമ്യപ്പെടുത്താനാകില്ല. എന്നാൽ യെശയ്യാവ് അവന്റെ ചോദ്യം എടുക്കയും അനേകം പുരാതനമായ ആളുകൾ അവരുടെ പ്രവൃത്തികൾ കൊണ്ട് സൂചിപ്പിച്ചതുമായ ഉത്തരത്തെ പ്രതിപാദിക്കുകയും ചെയ്യുന്നു, അതായത് ദൈവം ഒരു പ്രതിമപോലെയാണ് (യെശ. 40:19,20).

ഈ ആശയത്തോട് യെശയ്യാവ് പ്രതികരിക്കുന്നു. ദൈവത്തിന് സാമ്യമായി ഒരു പ്രതിമയെ ഉപയോഗിക്കുക എന്നത് മൗഢ്യം തന്നെയാണ്. എന്നാൽ ജനങ്ങൾക്ക് കാര്യം മനസ്സിലായി എന്ന് ഉറപ്പാക്കുവാൻ, അവൻ ദൈവത്തിന്റെ അതുല്യത വിപുലീകരിക്കയും അവൻ വിശുദ്ധനായ സൃഷ്ടാവാണെന്നുള്ള (യെശ. 40:21–26) ഉത്തരം നൽകാനാവാത്ത വാദം കൊണ്ടുവരികയും ചെയ്യുന്നു.

യെശയ്യാവിന്റെ ദൂതിനാൽ സംബോധന ചെയ്യപ്പെടുന്ന ആളുകളുടെ മനോഭാവം എങ്ങനെയാണ് 27–ാം വാക്യം വെളിവാക്കുന്നത്? അതേ മനോഭാവം ഉണ്ടായിരിക്കുന്നതിൽ നാം ഏതെല്ലാം വിധത്തിൽ കുറ്റക്കാരാണ്?

## വിഗ്രഹാരാധനയുടെ പ്രശ്നം (യെശ. 40:19,20)

വിഗ്രഹാരാധന ദൈവവുമായുള്ള ഈടുറ്റതും അന്യാദൃശ്യവുമായ ബന്ധത്തെ നശിപ്പിക്കുന്നു. അത് അവന്റെ സ്ഥാനത്ത് മറ്റെന്തിനെയെങ്കിലും പകരം വെക്കും (പുറ. 20:4,5; യെശ. 42:8). ആയതിനാൽ, പ്രവാചകന്മാർ വിഗ്രഹാരാധനയെ ആത്മീയ 'വ്യഭിചാരം' ആയി പ്രതിപാദിക്കുന്നു (യിരെ. 3:6–9; യെഹെ. 16:15–19).

**യെശയ്യാവ് 41:29 വായിക്കുക. യെശയ്യാവ് എങ്ങനെയാണ് വിഗ്രഹങ്ങളെ ചിത്രീകരിക്കുന്നത്? അവിടെ അവൻ അവയെക്കുറിച്ച് എന്താണ് പറയുന്നതെന്ന് നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു? ഏതൊരു വിഗ്രഹത്തെയും, അത് എന്തുതന്നെ ആയാലും, എന്തുകൊണ്ടാണ് ആ വർണ്ണന അത്ര കൃത്യമായിരിക്കുന്നത്?**

അവയുടെ അടയാളങ്ങളിലും രൂപങ്ങളിലും കൂടെയും അവർ ആരാധിച്ചത് ശക്തമായ ദിവ്യരൂപികളെയാണെന്ന് പുരാതന വിഗ്രഹാരാധികൾ വിശ്വസിച്ചിരുന്നു. മറ്റൊരു ദേവനെ പ്രതിനിധാനം ചെയ്യുന്ന ഒരു വിഗ്രഹത്തെ ആരാധിക്കുന്നത് ഒന്നാം കല്പനയെ ലംഘിക്കുന്നു "അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്" (പുറപ്പാട് 20:3). എന്നാൽ ഒരു വിഗ്രഹം സത്യദൈവത്തെ പ്രതിനിധാനം ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണെങ്കിൽ, സ്വർണ്ണകാളക്കുട്ടി ആയിരുന്നതുപോലെ (പുറ. 32:4,5), ദൈവം അത് തന്റെ ഒരു സാദൃശ്യമായി തള്ളിക്കളയുന്നു, കാരണം അവനെ എങ്ങനെ ചിത്രീകരിക്കണമെന്ന് ആർക്കും അറിയില്ല (ആവ. 4:15–19). അവന്റെ അതുല്യമായ മഹത്വത്തെയോ മഹിമയെയോ ഒന്നിനും പ്രതിനിധീകരിക്കാൻ ആകില്ല. അങ്ങനെയാകുമ്പോൾ, ഒരു വിഗ്രഹം തന്നെ വേറൊരു ദേവനായി പ്രവർത്തിക്കുന്നു. അതിനെ ആരാധിക്കുന്നത് ഒന്നു രണ്ടും കല്പനകളെ ലംഘിക്കുന്നു.

ദൈവത്തിന്റെ ജനത്തിന് വിഗ്രഹങ്ങൾ ആവശ്യമില്ല, കാരണം അവർക്ക് അവന്റെ ശരിയായ ഷെക്കീന സാന്നിധ്യം അവരോടൊത്ത് അവന്റെ ആലയത്തിലുണ്ട്. ഒരു വിഗ്രഹത്ത ആരാധിക്കുക എന്നാൽ പകരമായി വെക്കുക എന്നാണ്, ആയതുകൊണ്ട് അവന്റെ ശരിയായ സാന്നിദ്ധ്യത്തെ നിഷേധിക്കുന്നു.

**ഇന്ന് ഒരു സഭയെന്ന നിലയിൽ നാം എന്തെല്ലാം തരത്തിലുള്ള വിഗ്രഹാരാധന നേരിടുന്നു? അങ്ങനെയാണെങ്കിൽ അവ എന്താണ്?**

ക്രിസ്ത്യാനികൾ എന്ന് പേര് വഹിക്കുന്ന അനേകരും ദൈവത്തെ കൂടാതെ മറ്റ് ദേവന്മാരെ സേവിക്കുന്നു. നമ്മുടെ സ്രഷ്ടാവ് ആവശ്യപ്പെടുന്നത് നമ്മുടെ പരമമായ ആരാധനയാണ്. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ ദുർബലപ്പെടുത്താൻ പ്രവണത കാട്ടുന്ന എന്തും, അല്ലെങ്കിൽ അവന് അർഹതപ്പെട്ടതിൽ ഇടപെടുന്ന എന്തും, അതിനാൽ തന്നെ വിഗ്രഹമായിത്തീരുന്നു. – E.G. White Comments, The SDA Bible Commentary Vol. 2, pp. 1011, 1012.

വിഗ്രഹാരാധന ആകർഷകമായിരുന്നു എന്ന് പുരാതന എഴുത്തുകളിൽ നിന്നും നമുക്കറിയാം, കാരണം അത് ഭൗതീകവാദത്തെ സംബന്ധിക്കുന്നതായിരുന്നു. അവർക്കു ബന്ധപ്പെടുത്താവുന്ന ആരാധന രീതികൾ ഉപയോഗിച്ച്, അവർക്ക് ഫലഭൂയിഷ്ടിയും സമൃദ്ധിയും നൽകുമെന്ന് അവർ വിശ്വസിച്ചു.

## കൂടുതൽ പഠനം:

E.G. White, "Behold your God" in Prophets and Kings, pp. 311-321.

യെശയ്യാവിന്റെ കാലത്ത്, മനുഷ്യവർഗ്ഗത്തിന്റെ ആത്മീയ ഗ്രഹണശക്തി ദൈവത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണമൂലം ഇരുണ്ടതായിരുന്നു. മനുഷ്യരെ അവരുടെ സ്രഷ്ടാവിനെ പാപത്തിന്റെയും കഷ്ടതയുടെയും മരണത്തിന്റെയും സ്രഷ്ടാവായി നോക്കിക്കാണുന്നതിലേക്ക് നയിക്കാൻ ദീർഘനാളുകളായി സാത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ അവൻ വഞ്ചിച്ചവർ, ഭാവന ചെയ്തത് ദൈവം കാഠിന്യവാനും കർശനമായി കാര്യങ്ങൾ ചോദിച്ചു വാങ്ങുന്നവനുമാണെന്നാണ്. തള്ളിപ്പറയുവാനും കുറ്റം വിധിക്കുവാനും അവൻ നോക്കിപ്പാർത്തിരിക്കുന്നു എന്ന് അവർ കണക്കാക്കി, അവനെ സഹായിക്കാതിരിക്കുന്നതിനായി എന്തെങ്കിലും നിയമപരമായ മാർഗ്ഗമുണ്ടെങ്കിൽ പാപിയെ സ്വീകരിക്കാൻ വിസമ്മതിക്കുന്നവനായി. സ്വർഗ്ഗം ഭരിക്കപ്പെടുന്ന സ്നേഹത്തിന്റെ പ്രമാണം മനുഷ്യരുടെ സന്തോഷത്തിന്മേലുള്ള ഒരു വിലക്കും, അവർ സന്തോഷത്തോടെ അതിൽ നിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന ഒരു ഭാരമേറിയ നുകവുമായി മുഖ്യവഞ്ചകൻ തെറ്റായി അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ സന്മാർഗ്ഗ പ്രമാണങ്ങൾ അനുസരിക്കാനാവാത്തവയാണെന്നും ലംഘനത്തിന്റെ ശിക്ഷ ഏകപക്ഷീയമായി നൽകപ്പെടുകയാണെന്നും അവൻ പ്രഖ്യാപിച്ചു." - E.G. White, Prophets and Kings, p. 311

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **യെശയ്യാവ് 40:12–31 ന്റെ സന്ദേശം നിങ്ങളുടെ സ്വന്തം വാക്കുകളിൽ സംഗ്രഹിക്കുക. ആധുനിക രൂപകങ്ങൾ ഉപയോഗിച്ച് അവ എഴുതുക, നമ്മുടെ ദൈവത്തിന്റെ ഭയങ്കരമായ ശക്തിയെ കാണിക്കുന്ന ആധുനിക ശാസ്ത്ര കണ്ടെത്തലുകളെ പോലുള്ളവ. നിങ്ങളുടെ സംഗ്രഹം ക്ലാസുമായി പങ്കുവെയ്ക്കുക.**
2. **ദൈവത്തിന്റെ വചനത്തിന്റെ ശാശ്വതവും മനുഷ്യജീവിതത്തിന്റെ ബലഹീനമായ ക്ഷണികത്തെയും (യെശ. 40:6–8) കുറിച്ചുള്ള യെശയ്യാവിന്റെ വർണ്ണന നിങ്ങളുടെ മരണഭയത്തോട് എങ്ങനെ സംസാരിക്കുന്നു? അത് നിങ്ങളുടെ ഉയിർപ്പിൻ പ്രത്യാശയോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (ഇയ്യോബ് 19:25–27; ദാനീ. 12:2; 1 കൊരി. 15:51–57; 1 തെസ്സ. 4:13–18).**
3. **യെശ. 40:12–31 ഹൃദയത്തിൽ ഉൾക്കൊണ്ടുകൊണ്ട്, എങ്ങനെയാണ് ഒരുവന് അഹങ്കാരത്തിൽ നിന്നും ധാർഷ്ട്യത്തിൽ നിന്നും വിടുതലുണ്ടാകുക?**

**സംഗ്രഹം: യെശയ്യാവിലൂടെ, ദൈവം കഷ്ടപ്പെടുകയായിരുന്നവർക്ക് ആശ്വാസം നൽകി. അവരുടെ കഷ്ടപ്പാടിന്റെ സമയം അവസാനിച്ചു, ദൈവം അവരിലേക്ക് തിരികെ വരികയായിരുന്നു, നിരാശരാക്കുന്നതിനും ആശയക്കുഴപ്പത്തിലായിരിക്കുന്നതിനും പകരമായി അവർക്കുവേണ്ടി ദൈവം അവന്റെ സൃഷ്ടിപരമായ ശക്തി ഉപയോഗിക്കുന്നതിന് അവർക്ക് അവനിൽ ആശ്രയിക്കാം.**